# വിശുദ്ധ ചാവറയച്ചൻ

# മനുഷ്യമനസ്സിനെ തൊട്ടറിഞ്ഞവൻ



'ദൈവഹിതം നടക്കും നടത്തും' എന്ന ഉറച്ച ബോധ്യത്തോടെ, കേരളക്കരയുടെ സാമൂഹിക കലാ സാംസ്കാരിക ആത്മീയതയുടെ പ്രവാചകനായിരുന്ന വിശുദ്ധ ചാവറയച്ചന്റെ 150 -ാം ചരമവാർഷികം അനുസ്മരിക്കുന്ന ഈ കാലഘട്ടത്തിൽ, അദ്ദേഹത്തിന്റെ സമൂഹശാക്തീ കരണത്തിന്റേയും വിദ്യാഭ്യാസ നവോത്ഥാനപ്രവർത്തനങ്ങളുടെയും സംഭാവനകളിലേക്ക് ഒന്ന് കണ്ണോടിക്കാം.

ദൈവം ഓരോ വ്യക്തിയേയും പേര് ചൊല്ലി ഈ ഭൂമിയിലേക്ക് വിളിച്ചിരിക്കുന്നത് തനതായ ഒരു ദൗത്യനിർവ്വഹണത്തിനാണ്. ദൈവം നമുക്കോരൊരുത്തർക്കും വിഭാവനം ചെയ്തുതരുന്ന ദൗത്യം എന്താണോ അത് വിവേചിച്ചറിഞ്ഞ്, ജീവിതത്തിൽ പ്രകടമാക്കി, പ്രവർത്തനമണ്ഡലത്തിൽ കൊണ്ടു വരുമ്പോൾ നാം മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായി മാറും. ഇങ്ങനെ അനുഗ്രഹമായി മാറുന്ന ആത്മീയ സ്ഥിതിവിശേഷണമാണ് വിശുദ്ധൻ അല്ലെങ്കിൽ വിശുദ്ധ.

നാം ചാവറയച്ചനെ വിശുദ്ധ ചാവറയച്ചൻ എന്ന് വിളിക്കുമ്പോൾ, ദൈവത്തിന്റെ ഹിതം എന്തെന്നും എളിമയോടും സ്നേഹത്തോടും അതിലേറെ ദൈവപരിപാല നയിൽ ഉള്ള അഗാധമായ വിശ്വാസത്തോടും കൂടി ദൈവം ഭരമേല്പിച്ച ദൗത്യം പൂർത്തിയാക്കാനും അതുവഴി കേരള കത്തോലിക്കാ സഭക്കും ആഗോള സഭക്കും അതിലേറെ ഇതര മത വിഭാഗങ്ങൾക്കും ഒരു അനുഗ്രഹമായി മാറാനും ചാവറയച്ചന് സാധിച്ചു. അങ്ങിനെ19-ാം നൂറ്റാണ്ടിൽ വിശുദ്ധ ചാവറയച്ചൻ കേരള സമൂഹത്തിന്റെ കലാ സാംസ്കാരിക സാമുദായിക വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ വിളക്കും വഴികാട്ടിയും ശില്പിയും ആയി.

ആത്മീയ ശക്തിയുടെയും നന്മയുടെയും സ്രോതസ്സായ, മനുഷ്യമനസ്സിനെ തൊട്ടറി ഞ്ഞ, ആത്മീയതയുടെ അന്തഃസത്ത നല്ല സമരിയാക്കാരന്റെ മനോഭാവത്തിലും സ്നേഹത്തിലുമാണെന്ന് തിരിച്ചറിഞ്ഞ മാന്നാനത്തെ അത്ഭുത പുരുഷനാണ് വിശുദ്ധ ചാവറയച്ചൻ.

പള്ളികൾക്കൊപ്പം പള്ളിക്കൂടങ്ങൾ തുടങ്ങുവാനുള്ള അദ്ദേഹത്തിന്റെ ദൃഢമായ തീരുമാനം കേവലം തന്റേതായ പ്രശസ്തിക്കു വേണ്ടിയുള്ളതായിരുന്നില്ല, മറിച്ച് ജാതീയ ഉച്ച നീചത്വങ്ങൾ കൊടികുത്തി വാണിരുന്ന ഒരു നൂറ്റാണ്ടിൽ ജാതിമത ഭേദമന്യേ ഏവർക്കും വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള ഒരു നവോത്ഥാനത്തിന്റെ തുടക്കം കുറിക്കലായിരുന്നു.

വിശക്കുന്നവന്റെ കൈകളിൽ പുസ്തകത്തോടൊപ്പം സൗജന്യ ഭക്ഷണവും നൽകിയത് ദൈവസ്നേഹത്തിന്റെ വറ്റാത്ത ഉറവിടമാണ് അദ്ദേഹം എന്നതിന് ഉത്തമ ദൃഷ്ടാന്തമാണ്. മാനവികതയിലൂന്നിയ ദൃഢചിന്തകൾ തന്നെയാണ് ഇത്തരത്തിലൊരു വിദ്യാവിപ്ലവത്തിലേക്ക് അദ്ദേഹത്തെ നയിച്ചത്.

'അറിവ് എളുപ്പത്തിൽ എല്ലാവർക്കും എപ്പോഴും' എന്ന ചിന്തയോടെ കേരളത്തിൽ ആദ്യമായി അച്ചടിശാല സ്ഥാപിച്ചതിലൂടെ ഒട്ടനവധി പുസ്തകങ്ങളും അനുബന്ധ പാഠങ്ങളും ദ്രുതഗതിയിൽ അച്ചടിക്കുവാനും പ്രചരിപ്പിക്കുവാനും അതുവഴി ഭാഷകളെക്കുറിച്ചും മതത്തെക്കുറിച്ചും മറ്റ് ശാസ്ത്രങ്ങളെക്കുറിച്ചും അറിവ് നേടാനും കേരള ജനതക്ക് സാധിക്കുമെന്ന് സ്വപ്നം കണ്ട വലിയ ദീർഘദർശിയായിരുന്നു വിശുദ്ധ ചാവറയച്ചൻ. പത്തൊൻപതാം നൂറ്റാണ്ടിൽ തുടങ്ങിവച്ച മുദ്രാണാലയത്തിന്റെ വലിയ പകർപ്പല്ലെ ഇന്നു നാം കാണുന്ന, അനുഭവിക്കുന്ന ഈ സൗകര്യങ്ങൾ.

'അന്യർക്ക് ഉപകാരം ചെയ്യാത്ത ഒരു ദിവസം പോലും നമ്മുടെ ജീവിതത്തിൽ ഉണ്ടാവരുത്' എന്നുദ്ഘോഷിച്ച അദ്ദേഹം മനുഷ്യമനസ്സിനെതൊട്ടറിഞ്ഞ അദ്ഭുത പുരുഷനായിരുന്നു. ആഴമേറിയ ദൈവികത അദ്ദേഹത്തെ മനുഷ്യരിലേക്ക് കൂടുതൽ അടുപ്പിച്ചു. അഗതികൾക്കായുള്ള ഉപവിശാലകൾ തുടങ്ങിയതും പിടിയരി സമ്പ്രദായത്തിലൂടെ സാമൂഹിക പ്രതിബദ്ധതയുള്ളവരായി ജനങ്ങൾ മാറണമെന്ന് ഉദ്ഘോഷിച്ചതും സഹജരോടുള്ള സ്നേഹം പ്രതിഫലിപ്പിക്കുന്നവയാണ്. അഗാധമായ ദൈവദർശനവും അതിലൂന്നിയ ആത്മീയശക്തിയുമാണ് അദ്ദേഹത്തെ സാമൂഹിക പരിഷ്കാരങ്ങളിലേക്ക് നയിച്ചത്. കാണപ്പെടുന്ന സഹോദരനെസ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാനാവില്ലെന്ന സത്യം ജീവിതത്തിൽ പ്രകടമാക്കിയ ഒരു നല്ല സമരിയാക്കാരനായിരുന്നു വിശുദ്ധ ചാവറയച്ചൻ.

'വളരുക വളർത്തുക' എന്ന ലക്ഷ്യത്തോടെ എല്ലാവർക്കും എല്ലാമായി, സ്നേഹിച്ച് സഹവസിച്ച്, ദാരിദ്ര്യം അകറ്റി പരിപാലിച്ച്, അജ്ഞത നീക്കി സമുന്നതരാക്കി, ദൈവികമായ അറിവ് പകർന്ന് കൊടുത്ത് മറ്റുള്ളവരുടെ മനസ്സിനെപുണ്യം കൊണ്ട് നിറച്ച അനുഗ്രഹപൂമഴയായിരുന്നു വിശുദ്ധ ചാവറയച്ചൻ. ഫ്രാൻസിസ് മാർപ്പാപ്പയുടെ ചാക്രിക ലേഖനത്തിൽ പറയുന്നതുപോലെ 'എല്ലാവരും സഹോദരർ' (Fratteli Tutti) എന്ന ആശയം നൂറ്റാണ്ടുകൾക്ക് മുമ്പേ ഉദ്ബോധിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്ത പുണ്യാത്മാവായിരുന്നു വിശുദ്ധ ചാവറയച്ചൻ.

അത്ഭുതപ്രവൃത്തികളുടെ അതീത പരിവേഷമല്ല അദ്ദേഹത്തെ വിശുദ്ധനാക്കുന്നത്, മറിച്ച് ചിട്ടയായ താപസവൃത്തിയും സമർപ്പിത ജീവിതവും ദീർഘദൃഷ്ടിയോടുകൂടിയുള്ള പ്രേഷിതവൃത്തിയും അതിനോടൊപ്പം തന്നെ സ്തുത്യർഹമായ സമുദായ സേവനവുമാണ്. വിശുദ്ധി തുളുമ്പുന്ന ധ്യാനാത്മക ജീവിതം നയിച്ച അദ്ദേഹം പുണ്യാത്മാവ് തന്നെയാണ്.

കർമ്മനിരതമായ പവിത്ര ജീവിതത്തിന്റെ മഹാപാഠം നമുക്ക് നൽകിയ, കേരള നവോത്ഥാന ചരിത്രത്തിന്റെ അവിഭാജ്യ ഘടകമായ വിശുദ്ധ ചാവറയച്ചന് പ്രണാമം.

ഫാ. ഡോ. പോൾ തെക്കിനിയത്ത് സി.എം.ഐ.